കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി നഗരസഭയിൽ പ്രവർത്തിക്കുന്ന പാലത്തിങ്കൽ ആർട്സ് &. സ്പോർട്സ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ പാലത്തിങ്കൽ എ .എം. യു. പി സ്കൂൾ ഗ്രൗണ്ടിൽ വെച്ച് നടത്തപ്പെടുന്ന ഫുട്ബാൾ ടൂർണമെന്റിന് വിനോദ നികുതിയിൽ ഇളവ് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ. (സാധാ) നം.854/2017/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി, 24/03/2017.

---

പരാമർശം: 1. പരപ്പനങ്ങാടി നഗരസഭയുടെ 18.10.2016 -ലെ 1(9)-ാം നമ്പർ തീരുമാനം.

2. പരപ്പനങ്ങാടി നഗരസഭാ സെക്രട്ടറിയുടെ 24.10.2016-ലെ A5/14261/2016 നമ്പർ കത്ത്.

**ഉത്തരവ്**

മേൽ പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി നഗരസഭയിൽ പ്രവർത്തിക്കുന്ന പാലത്തിങ്കൽ ആർട്സ് & സ്പോർട്സ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ പാലത്തിങ്കൽ എ .എം. യു. പി സ്കൂൾ ഗ്രൗണ്ടിൽ വെച്ച് നടത്തപ്പെടുന്ന ഫുട്ബാൾ ടൂർണമെന്റിന് പരപ്പനങ്ങാടി നഗരസഭാ ചെയർപേഴ്സന്റെ ദുരിതാശ്വാസ നിധിയിലേക്ക് പതിനയ്യായിരം രൂപ സംഭാവന നൽകണം എന്ന വ്യവസ്ഥയിൽ 1961-ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർട്ടെയിന്മെന്റ് ടാക്സ് ആക്റ്റ് 7 എ വകുപ്പപ്രകാരം വിനോദ നികുതി ഇളവ് നൽകി ഉത്തരവാകുന്നു. ടിക്കറ്റ് ചാർജിൽ വിനോദ നികുതി ഇളവ് നൽകിയിട്ടുണ്ടെന്ന് നഗരസഭ ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എൻ വിശ്രുതൻ ആചാരി
ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, പരപ്പനങ്ങാടി നഗരസഭ, മലപ്പുറം ജില്ല.
നഗരകാര്യ ഡയറക്ടർ ,തിരുവനന്തപുരം.
പ്രിൻസിപ്പൽ എ.ജി. (എൽ.ബി.എ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ എ.ജി. (എ & ഇ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ